## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6493 **03/04/2018**-ലെ മറുപടി

## നാട്ടക്കൽ, തോട്ടതമൂല പ്രദേശങ്ങളിലെ കടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) കാസർഗോഡ് മണ്ഡലത്തിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിലെ 8, 10 വാർഡുകളിൽപ്പെട്ട നാട്ടക്കൽ, തോട്ടതമൂല പ്രദേശങ്ങളിലെ എസ്.സി. കോളനിയിൽ താമസിക്കുന്നവരനുഭവിക്കുന്ന കടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ;<br>(ബി) ഈ കടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എം.എൽ.എ. നൽകിയ NA/GEN/376/2017 നമ്പർ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ? | (എ & ബി) | ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ബാച്ച് 2-ൽ ബെള്ളൂർ ഗ്രാമ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്; ജലനിധിയുടെ ശുദ്ധജലവിതരണ പദ്ധതിയായ ഒരു വൻകിട പദ്ധതി മാത്രമേ ടി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളൂ. ടി പദ്ധതിയിൽ 33 ഗുണഭോക്തൃസമിതികളിലായി പഞ്ചായത്തിലെ ഒന്നുമുതൽ 13 വരെയുള്ള വാർഡുകളിലായി ജനറൽ, എസ്.സി., എസ്.ടി. വിഭാഗങ്ങളിലായി ആകെ 1134 ഗുണഭോക്താക്കളുണ്ട്. ഇതിൽ ബെള്ളൂർ ഗ്രാമ പഞ്ചായത്തിലെ 8, 10 വാർഡുകളിലെ നാട്ടക്കൽ, തോട്ടതമൂല പ്രദേശങ്ങളിലെ എസ്.സി. കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾ എല്ലാം ജലനിധി പദ്ധതിയിൽ ഉൾപ്പെടുന്നില്ല എങ്കിലും തോട്ടതമൂല പ്രദേശത്തെ 21 എസ്.ടി. കുടുംബങ്ങളും നെല്ലിക്കുന്ന് പ്രദേശത്തെ 8 എസ്.ടി കുടുംബങ്ങളും ഈ പദ്ധതിയിലെ ഗുണഭോക്താക്കളാണ്. ബെള്ളൂർ ഗ്രാമ പഞ്ചായത്തിലെ ജലനിധിയുടെ വൻകിട പദ്ധതിയുടെ പ്രവർത്തനങ്ങൾ 75% പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ബാക്കിയുള്ള ജോലികൾ പൂർത്തിയാക്കി 2018 മെയ് മാസത്തിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ